## വിവാഹം



എറണാകുളം ബ്രോഡ്‌വേ പനക്കാമറ്റത്ത് ശ്രീ. ചാക്കോ നൈനാന്റെയും ശ്രീമതി വത്സ നൈനാന്റെയും മകൾ **ദീപ നൈനാനും** പാമ്പാക്കുട മാരിയിൽ ശ്രീ. എം. സി. ബേബിയുടെയും ശ്രീമതി സിസിലി ബേബിയുടെയും മകൻ **നൈസിൽ ബേബി (എൽദോ)**യും തമ്മിലുള്ള വിവാഹം 01.05.2017 ൽ ഊരമന ഗലീലക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു.



എറണാകുളം ചിറ്റൂർ റോഡ് പ്ലാമൂട്ടിൽ ശ്രീ ജേക്കബ് കോശിയുടെയും ശ്രീമതി റീന എബ്രാഹമിന്റെയും മകൻ **നിധിൻ ജെ. കോശിയും,** പഞ്ചാബ് ലുധിയാന ഫിറോസ്പൂർ റോഡ് മഹാവീർ നഗർ "ദി അഗർവൽസ" ശ്രീ മനോജ് അഗർവലിന്റെയും ശ്രീമതി നീനാ മനോജിന്റെയും മകൾ **അന്ന (കംഗൻ അഗർവൽ)** യും തമ്മിലുള്ള വിവാഹം 30.04.2017 ൽ കത്തീഡ്രലിൽ നടന്നു.

*(എഡിറ്റോറിയൽ തുടർച്ച)*

സാദ്ധ്യതകളും, പൂക്കളുടെ സാമീപ്യവും മറ്റും അറിഞ്ഞ് ഈച്ചക്കൂട്ടത്തിന് അറിവു നൽകുന്നു.

ഇതെല്ലാം പറഞ്ഞത് വിശ്വാസികളുടെ ഒരു സമൂഹമായി നിലകൊള്ളണമെങ്കിൽ എന്തൊക്കെ അച്ചടക്കങ്ങൾ നാം പാലിക്കണമെന്ന് കാണിക്കുവാൻ കൂടിയാണ്. ദൈവം തന്നിരിക്കുന്ന താലന്തുകൾ പലർക്കും പലവിധത്തിലാണ്. ഓരോരുത്തരും അവനവന്റെ കഴിവിനനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അവനവനു തോന്നുന്നതു പോലെയെല്ലാം ചെയ്യാതെ, മറ്റുള്ളവരുമായി ചേർന്നു ചിന്തിക്കുകയും ദൈവേഷ്ടം മനസ്സിലാക്കി പ്രവർത്തിക്കുകയും വേണം. എല്ലാ ജോലി ചെയ്യുന്നവരേയും ദൈവത്തിന് ആവശ്യമുണ്ട്. ദൈവവിശ്വാസികൾ അതു മനസ്സിലാക്കി സമൂഹ നന്മയ്ക്കായി പ്രവർത്തിക്കണമെന്നു മാത്രം. ■

## വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| **മെയ്** | 15 തിങ്കൾ | കതിരുകൾക്കു വേണ്ടി വി.ദൈവ മാതാവിന്റെ ഓർമ്മ |
| | 16 ചൊവ്വ | യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി) |
| | 26 വ്യാഴം | സ്വർഗ്ഗാരോഹണ പെരുന്നാൾ |
| **ജൂൺ** | 04 ഞായർ | പെന്തിക്കോസ്തി ഞായർ |

## മാമോദീസ

എറണാകുളം അമൂല്യസ്ട്രീറ്റ് പുലിക്കോട്ടിൽ ശ്രീ വെബിൻ പി. ചെറിയാന്റെയും ശ്രീമിതി സീന വെബിന്റെയും മകൻ **സഖറിയ (ആദം വെബിൻ)** 28.04.2017ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

*(OVBS തുടർച്ച)*

പ്രത്യേകതയായിരുന്നു. വി.കുർബ്ബാന അനുഭവം, സ്നേഹ വിരുന്ന്, പരിസര ശുദ്ധീകരണം എന്നിവ കുട്ടികളിൽ പുത്തൻ ഉണർവ്വു പകർന്നു. നമ്മുടെ സണ്ടേസ്കൂൾ അദ്ധ്യാപകരും, മാതാപിതാക്കളും വൈദികരുടെ നേതൃത്വത്തിൽ എല്ലാ കാര്യങ്ങളും ഭംഗിയായി നിർവ്വഹിച്ചു. എല്ലാ ദിവസവും കുഞ്ഞുങ്ങൾക്ക് സ്വാദിഷ്ടമായ ഭക്ഷണ പാനീയങ്ങളും ക്രമീകരിച്ചു. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**14-05-2017 - 4 pm**
**ശ്രീ. ജോർജ്ജ് പി.പാറേട്ട്**
പാറേട്ട് പാരഡൈസ്
പോണോത്ത് റോഡ്, കലൂർ
Ph: 2340388, Mob: 9895152707

**St. Thomas Unit (North-Pachalam Area)**
**21-05-2017 - 4 pm**
ശ്രീ. **ചാർളി സൈമൺ**
പുലിക്കോട്ടിൽ, ലിങ്ക് പാർക്ക്,
പി.ജെ.ആന്റണി റോഡ്, പച്ചാളം
Ph: 2400993, Mob: 9446489430

**St. Gregorios Unit (Elamkulam- Kadavanthra Area)**
**28-05-2017 - 4 pm**
ശ്രീ. **മനോജ് കുര്യാക്കോസ്**
ചാലാപ്പുറം, കണിയാമ്പുഴ റോഡ്
വൈറ്റില Ph: 2302337, Mob: 9846056991




Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490



# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 05 MAY 2017

### എഡിറ്റോറിയൽ

## തേനീച്ചക്കൂട്

"ദൈവം തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വച്ചിരിക്കുന്നു" (1 കൊരി 12:18)

നമ്മുടെ ശരീരത്തിലുള്ള ഓരോ അവയവത്തിനും അതിന്റേതായ ധർമ്മങ്ങൾ ദൈവം നിശ്ചയിച്ചു കൊടുത്തിരിക്കുന്നു. ഓരോ അവയവത്തിനും അതിന്റെ ഇഷ്ടത്തിനു പ്രവർത്തിക്കാമെങ്കിലും, ബാക്കിയുള്ളവയോട് ചേർന്നു നിന്നുകൊണ്ടുവേണമത്. അതായത് ഒരു പൊതു നിയമത്താൽ അവയവങ്ങൾ തമ്മിൽ ബന്ധിച്ചിരിക്കുന്നു.

വിശ്വാസികളുടെ ഒരു സമൂഹം എങ്ങിനെയാണ് പ്രവർത്തിക്കേണ്ടതെന്ന് കാണിച്ചുതരുവാൻ മേൽ പറഞ്ഞ ഉദാഹരണത്തോടു ചേർന്നു പോകുന്നതാണ് തേനീച്ചകളുടെ ജീവിതം. ദൈവം തേനീച്ചകളുടെ ജീവിതം എങ്ങനെ ക്രമീകരിച്ചിരിക്കുന്നുവോ, അതുപോലെ തന്നെയാണ് സ്വയം ചിന്തിക്കുവാൻ കഴിവുള്ള മനുഷ്യർ അംഗങ്ങളായുള്ള സമൂഹവും സഭയും പ്രവർത്തിക്കേണ്ടത്.

ജന്തുലോകത്തിൽ കാണപ്പെടുന്ന സാമൂഹ്യ ജീവിതത്തിൽ ഏറ്റവും അടുക്കും ചിട്ടയുമുള്ള ഒന്നായി തേനീച്ചകളുടെ ജീവിതത്തെ കാണുവാൻ സാധിക്കും. ഒരു തേനീച്ചക്കൂട്ടിൽ 60,000നും 80,000നും ഇടയിൽ തേനീച്ചകളുണ്ടാവും. കൂടിന്റെ മദ്ധ്യഭാഗത്തായാണ് റാണി എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈച്ചയിരിക്കുന്നത്. എല്ലാ തേനീച്ചക്കൂട്ടിലും ഒരു റാണിയാണുണ്ടാവുക. ഒന്നിൽ കൂടുതൽ റാണി ഈച്ചകളുണ്ടായാൽ അവ തമ്മിൽ പടവെട്ടി ഒന്നുമാത്രം ശേഷിക്കുന്നു. ബാക്കിയുള്ള എല്ലാ തേനീച്ചകളും റാണിയെ കാത്തു സൂക്ഷിച്ചുകൊണ്ട് കഴിയുകയല്ല. എല്ലാ തേനീച്ചകൾക്കും അതിന്റേതായ പ്രത്യേക ജോലിയുണ്ട്. പേരു സൂചിപ്പിക്കുന്നതുപോലെ കൂടിന്റെ സംരക്ഷണച്ചുമതലയല്ല റാണിയുടേത്. റാണിയുടെ ജോലി വംശവർദ്ധനമാത്രമാണ്. മുട്ടയിടൽ മാത്രമാണ് റാണിചെയ്യുന്നത്. പുറംലോകത്തിൽ ചുറ്റിപ്പറന്ന്, ആപത്തുകളെ അതിജീവിച്ച് ഭക്ഷണം തേടലാണ് കുറെ ഈച്ചകളുടെ ജോലി. കാവൽക്കാരായ ഈച്ചകളാണ് ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് കൂടിനെ കാക്കുന്നത്. വേറെ ചില പ്രത്യേക ജോലികളും ഈച്ചകൾ ചെയ്യുന്നുണ്ടെന്ന് ജന്തു ശാസ്ത്രജ്ഞർ അടുത്തകാലത്ത് മനസ്സിലാക്കിയിട്ടുണ്ട്. ചുരുക്കം ചില ഈച്ചകൾ ചത്തുപോകുന്ന തേനീച്ചകളുടെ മൃതശരീരം ചുമന്ന് കൂടിനു വെളിയിൽ കൊണ്ടുപോയി കളയുന്നു. വേറെ ചില ഈച്ചകൾ കൂടിനുള്ളിലെ ജലാംശം ക്രമീകരിക്കുവാൻ പുറത്തുനിന്ന് ജലാംശം ശേഖരിച്ചുകൊണ്ടുവരുന്നുണ്ട്. വേറെ കുറേ ഈച്ചകൾ കട്ടിയുള്ള പശയുണ്ടാക്കി കൂടിന്റെ കേടുപാടുകൾ തീർക്കുന്നതിൽ ഏർപ്പെട്ടിരിക്കും. കുറേ ഈച്ചകൾ കൂടിന്റെ പ്രവേശനകാവാടത്തിൽ നിലയുറപ്പിച്ച് ഒരു പ്രത്യേക ഗന്ധം അന്തരീക്ഷത്തിൽ പരത്തി പുറത്തേക്കു ഭക്ഷണത്തിനും മറ്റും പോകുന്ന ഈച്ചകൾക്ക് വഴിതെറ്റാതെ തിരിച്ചുവരുവാൻ സഹായിക്കുന്നു. വേറൊരുതരം ഈച്ചകൾ സ്ക്കൗട്ടുകളെപ്പോലെ പരിസരത്തുള്ള അപകട

*(ശേഷം 4-ാം പേജിൽ)*

### ഇടയ ലേഖനം

## ശിഷ്യന്മാരുടെ പരിഭ്രമം

**(യോഹ 24:19-23)**

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



'നസറായനായ യേശു'വിനെക്കുറിച്ച് ശിഷ്യർക്കും അഭ്യുദയകാംക്ഷികൾക്കും വളരെ പ്രതീക്ഷയുണ്ടായിരുന്നു. അവൻ പ്രവർത്തിയിലും വാക്കിലും ശക്തിയുള്ള 'പ്രവാചക'നായിരുന്നതിനാൽ, യിസ്രായേലിനെ വീണ്ടെടുക്കാനുള്ളവൻ എന്ന് അവർ കരുതിയിരുന്നു. അവർ പ്രതീക്ഷിച്ച "വീണ്ടെടുപ്പ്", ദൈവശാസ്ത്ര ഭാഷയിലുള്ള പരിത്രാണം അഥവാ രക്ഷ (Salvation) ആയിരുന്നില്ല. അതിന് ഒരു ഭൗതികവും രാഷ്ട്രീയവുമായ മാനമാണ് ഉണ്ടായിരുന്നത്. കാലങ്ങളായി, വിവിധ സാമ്രാജ്യ ശക്തികളും ശക്തരായ വിദേശ ചക്രവർത്തിമാരും അവരെ അടക്കി ഭരിച്ചിരുന്നു. ചുരുക്കം ചില കാലങ്ങളിൽ മാത്രമേ യഹൂദർ സ്വാതന്ത്ര്യമെന്ന അമൃത് ആസ്വദിച്ചിട്ടുള്ളൂ, ഈ ദുർഗ്ഗതിക്കു പ്രധാന ഹേതു അവരുടെ അധർമ്മംതന്നെ ആയിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. അതിനപ്പുറത്തേക്ക് അവരുടെ ചിന്തയും ആത്മീകതയും വളർന്നിരുന്നില്ല. "യഹൂദ" നായ യേശു അങ്ങനെ അവർക്ക് "യരുശലേമിലെ പരദേശികളിലൊരാൾ" മാത്രമായിത്തോന്നി. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചിരുന്ന ഈ പ്രവാചകന്, റോമൻ ആധിപത്യത്തെ തുരത്തി, യഹൂദന്മാരുടെ നൈസർഗ്ഗീകവും ദൈവദത്തവുമായ സ്വാതന്ത്ര്യം നൽകാൻ കഴിയുമെന്നു തന്നെ അവർ പ്രതീക്ഷിച്ചിരുന്നു. അത്തരമൊരു പ്രതീക്ഷ വച്ചുപുലർത്താത്തവരും അന്നുണ്ടായിരുന്നു. യഹൂദ മതനേതാക്കന്മാരെ ശാസിച്ച നസറായനായ യേശു "വളർന്നു" വന്നാൽ അത്തരം നേതാക്കളുടെ മതാധികാരം നഷ്ടമാകുമെന്നും, റോമക്കാർ മുഴുവൻ അധികാരങ്ങളും-ആത്മീകവും ലൗകികവും - പിടിച്ചെടുക്കുമെന്നുമായിരുന്നു അക്കൂട്ടരുടെ ഭീതി.

യേശുവിന്റെ പുനരുത്ഥാന പ്രഭാതത്തിൽ കല്ലറയ്ക്കൽ പോയ ഏതാനും സ്ത്രീ ജനങ്ങളാണ് ശിഷ്യന്മാരെ "പരിഭ്രമിപ്പി"ച്ചത്. ആ സാധികൾ രാവിലെ കല്ലറക്കൽ പോയിട്ട്, യേശുവിന്റെ ശരീരം അവിടെ കണ്ടില്ല. യേശു ജീവിച്ചിരിക്കുന്നു എന്ന് ദൈവദൂതന്മാർ അവരോട് വെളിപ്പെടുത്തി. ഈ വർത്തയറിഞ്ഞ "ശിഷ്യന്മാ"രാണ് പരിഭ്രമിച്ചത്. അവർ ഭയപ്പെട്ടത് എന്തിനെയായിരുന്നു?

യേശുവിന്റെ ശരീരം അപ്രത്യക്ഷമായി എന്നത് പരിഭ്രമത്തിനു കാരണമായിരിക്കാം. മൂന്നുനാൾ കഴിഞ്ഞ് ഉയിർത്തെഴുന്നേൽക്കുമെന്ന്, ഗുരു പറഞ്ഞ വാക്കുകൾ അവർ എന്നേ മറന്നു! കാണാതായ -സംസ്ക്കരിക്കപ്പെട്ട ശരീരത്തിന് എന്തു സംഭവിച്ചിരിക്കാം? ഇക്കാര്യം ഇനി പല കുഴപ്പങ്ങൾക്കും കാരണമാകുമോ? ഉത്തരമില്ലാത്ത ഇത്തരം ചോദ്യങ്ങൾ അവരുടെ സൈ്വര്യം കെടുത്തിയെന്നതാണ് സത്യം. ഗുരു ക്രൂരമായി കൊല്ലപ്പെട്ടത്, അവരെ വല്ലാതെ ഉലച്ചുകളഞ്ഞിരുന്നു. "കൂനിന്മേൽ കുരു" എന്ന പോലെയായി സ്ത്രീകൾ പറഞ്ഞ വാർത്ത.

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

**“We were buried therefore with him by baptism into death, so that as Christ was raised from the dead by the glory of the father, we too might walk in newness of life….” Rom 6:4**


Fr. Paul George

The book of the common prayer, there is one petition that we have to notice: ***Grant that we may ever hereafter serve and please thee in newness of life.***

But, O dear! These words so full of promise are only part of a prayer that also contains some of my least favorite phrases. We acknowledge and bewail our manifold sins and wickedness, which we have most grievously committed by our thoughts, words and deeds. Why focus on negatives? Looking into the shadows and darkness will only bring confusion and blindness that is what we see in the time of trials and temptations. Indeed we need to wash our garments of light that we have received during the sacrament of baptism.

We need to hurry on to the new life, not get stuck at old defeats. Then one lent, we need to notice that every Bible reading in our daily lectionary dealt with repentance. Thus we can understand all verses have a purpose in our life. We can also see that when a biblical figure repented, it was always for a specific sin. Not just “manifold sins and wickedness”. Newness in our life through Christ is indeed remarked by St.Paul, that we become a new creation in Christ, a creation that can change the cause of the world. Our actions and deeds are valuable in changing the cause of the world. Newness is only through Christ. Thus we need to pray to open our hearts and mind to know Him in the world around us, through the scripture.

Making repentance specific, current and daily we need to appreciate the wisdom that shaped that ancient petition. When we recall and confess the unkind thoughts, the careless words, the selfish deeds “most grievously committed”, we are allowing it to fall away and be buried. And out of this prepared ground, God brings newness. New warmth in a relationship. New tolerance for failure, my own and others. New freedom. God makes new, not by ignoring our sin, but by shining the light of His forgiveness upon it.

***So let us pray to our heavenly Father, to grant that we may serve and please Him, in newness of life.*** ■

*(ഇടയലേഖനം തുടർച്ച)*

മരിച്ചടക്കപ്പെട്ടയാൾ ജീവിച്ചിരിക്കുന്നു എന്നതായിരിക്കാം, ശിഷ്യന്മാരുടെ പരിഭ്രമത്തിന്റെ പ്രധാന കാരണം. സ്ത്രീകൾ പറഞ്ഞത് നേരിൽ ബോദ്ധ്യപ്പെടാൻ പോയവർക്കുണ്ടായ അനുഭവവും തഥൈവ!!

നൂറ്റാണ്ടുകൾക്കു ശേഷം ഈ സംഭവങ്ങൾ പാരായണം ചെയ്യുന്നവർക്ക് ശിഷ്യന്മാരുടെ അപകതയെപ്പറ്റി ആക്ഷേപമുണ്ടാകാം. എന്നാൽ യഥാർത്ഥ ആത്മീകതയെ, ഭൗതിക താൽപര്യങ്ങളും ലക്ഷ്യങ്ങളും കൊണ്ട് അളക്കാനും, അതിരിടാനുമുള്ള ശ്രമം എക്കാലവുമുണ്ട്. മതവിശ്വാസത്തിന്റെയും ആത്മീകതയുടെയും പരിവേഷത്തിൽ കഴിയുകയും, ഭൗതിക നേട്ടങ്ങളുണ്ടാക്കാൻ പാടുപെടുകയും ചെയ്യുന്ന രംഗങ്ങൾ ഇന്നും ലഭ്യമാണല്ലോ. മതത്തിന്റെ ഒരു പ്രധാന പരാജയഭൂമിയും അതുതന്നെ. മരിച്ചവൻ ജീവിച്ചെഴുന്നേറ്റു എന്നു കേട്ടാൽ ഭയപ്പെടുന്നതും പരിഭ്രമിക്കുന്നതും എന്തിന് എന്ന് ആധുനിക വിശ്വാസശാസ്ത്രം ആരായേണ്ടതല്ലേ? ഇത്തരമൊരു “ഉയിർത്തെഴുനേൽപ്പിന്” സാക്ഷ്യം വഹിക്കാൻ അവർ മനസ്സൊരുക്കമുള്ളവരായിരുന്നില്ല എന്നു സ്പഷ്ടം.

വാസ്തവത്തിൽ “ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകൻ”, മരിച്ചടക്കപ്പെട്ടശേഷവും ജീവനോടിരിക്കുന്നു എന്ന വാർത്ത സഹർഷം സ്വാഗതം ചെയ്യപ്പെടേണ്ടതല്ലേ? അതല്ല ഭ്രമിപ്പിക്കുന്ന ഈ സംഭവം വേണ്ടിയിരുന്നില്ല എന്നുണ്ടോ?

യേശുവിന്റെ പുനരുത്ഥാനത്തിൽ നമുക്ക് ആഹ്ലാദിക്കാൻ അവകാശമുണ്ടെങ്കിൽ അതെന്ത് എന്ന് അന്വേഷിക്കേണ്ടതല്ലേ? ഇത് മരിച്ചുപോകുന്ന സകല മനുഷ്യർക്ക് മഹത്തായ പ്രത്യാശയുടെ വാതിൽ തന്നെയല്ലേ? ■

## വെക്കേഷൻ ബൈബിൾ ക്ലാസ്സ് 2017






മലങ്കര ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ നടത്തുന്ന അവധിക്കാല ബൈബിൾ പഠനക്ലാസ് (OVBS 2017) ഏപ്രിൽ 17 മുതൽ 22 വരെ രാവിലെ 8.30 മുതൽ 3.30 വരെ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. 160ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു. ഈ വർഷത്തെ പ്രധാന ചിന്താവിഷയം 1 തെസ.5:15 ആസ്പദമാക്കി "do good to one another" എല്ലാവരും നന്മ ചെയ്യുക എന്നതായിരുന്നു. പാട്ട്, ധ്യാനം എന്നിവയും ഉണ്ടായിരുന്നു. മനോഹരമായ പാട്ടുകൾ ഈ വർഷത്തെ OVBS ന്റെ

*(ശേഷം 4-ാം പേജിൽ)*





## കഷ്ടാനുഭവആഴ്ച്ച കത്തീഡ്രലിൽ

### ഓശാന ഞായർ





### ദുഃഖ വെള്ളി





### ഉയിർപ്പ് ഞായർ





ഓശാന ഞായർ രാവിലെ വിശുദ്ധ കുർബ്ബാനയും, കുരുത്തോല വാഴ്വ് ശുശ്രൂഷയും, വൈകീട്ട് റവ.ഫാ. വിനോദ് ജോർജ്ജിന്റെ ധ്യാന പ്രസംഗവും ഉണ്ടായിരുന്നു. തിങ്കളാഴ്ച്ച വൈകിട്ട് ഫാ.ബിജു ആൻഡ്രൂസ്, ചൊവ്വാഴ്ച്ച വൈകിട്ട് പ്രൊഫ. ഡോ. ടിൻസി വർഗ്ഗീസ് എന്നിവരുടെ ധ്യാനപ്രസംഗങ്ങൾ ഇടവകാഗംങ്ങൾക്ക് പ്രയോജനപ്രദമായിരുന്നു. പെസഹാ ശുശ്രൂഷ എളംകുളം ചാപ്പലിൽ ബുധനാഴ്ച്ച രാത്രി 10 മണിക്കും, കത്തീഡ്രലിൽ വ്യാഴാഴ്ച്ച വെളുപ്പിന് 2.30 നും ആരംഭിച്ചു.. ദുഃഖ വെള്ളിയാഴ്ച്ച ശുശ്രൂഷ രാവിലെ 8 മണിക്ക് ആരംഭിച്ച് വൈകിട്ട് 3 മണിയോടെ സമാപിച്ചു. ശ്രീ. കുരുവിള ജോർജ്ജിന്റെ വചന പ്രസംഗവുമുണ്ടായിരുന്നു. ഉയിർപ്പിന്റെ ശുശ്രൂഷ ഞായറാഴ്ച്ച വെളുപ്പിന് 2.30 ന് ആരംഭിച്ച് രാവിലെ 7 മണിയോടെ മംഗളമായി അവസാനിച്ചു. പതിവു പോലെ ഉയിർപ്പിന്റെ ശുശ്രൂഷയ്ക്കു ശേഷം എല്ലാവർക്കും ഈസ്റ്റർ എഗ്ഗും, കാപ്പിയും ഉണ്ടായിരുന്നു. ഇടവകാഗംങ്ങൾ ഹാഷാ ആഴ്ച്ചയിലെ ശുശ്രൂഷകളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയുണ്ടായി. ■

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | May 14 - 10.00 am, May 21 - 07.00 am, May 28 - 10.00 am, June 4 - 07.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | May 14 - 07.30 am, May 28 - 7.30 am<br>**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am** |

## നിര്യാതരായി



എറണാകുളം അയ്യപ്പൻകാവ് പനക്കൽ ശ്രീ.പി.സി. ജോർജ്ജിന്റെയും ശ്രീമതി. ചിന്നമ്മ ജോർജ്ജിന്റെയും മകൻ **സിജി പി.ജോർജ്ജ്** (40) 23.04.2017 ൽ നിര്യാതനായി. കുന്നംകുളം ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരിയിൽ 24.04.2017 ൽ അടക്കം ചെയ്തു.



കലൂർ പി.സി.റോഡ്, വി.ബി. എൻക്ലെയ്വ്, ബി2, പനക്കൽ **മേരി ചാക്കോ** (92) 29.03.2017 ൽ നിര്യാതയായി. 02.04.2017 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*